■ 'എബൗട്ട് എല്ലി'യിലെ ഒരു രംഗം



# 'എബൗട്ട് എല്ലി'യിൽനിന്ന് 'സൂഫി പറഞ്ഞ കഥ'യിലേക്കുള്ള ദൂരം

വിശകലനം

ഉമർ നസീഫ് അലി


**വ്യത്യസ്തമായ** ദൃശ്യാനുഭവങ്ങളും ചർച്ചകളും ബാക്കിവെച്ചുകൊണ്ടാണ് കേരളത്തിന്റെ പതിനാലാമത് അന്തർദേശീയ ചലച്ചിത്രോത്സവം (IFFK) കടന്നുപോയത്. പ്രേക്ഷകശ്രദ്ധ പിടിച്ചുപറ്റുകയും മേളക്ക് അകത്തും പുറത്തും ചർച്ചചെയ്യപ്പെടുകയും ചെയ്ത സിനിമകളിൽ മിക്കതും മുസ്‌ലിം രാഷ്ട്രങ്ങളിൽനിന്ന് വന്നവയോ മുസ്‌ലിം പരിസരങ്ങളിൽ ചിത്രീകരിക്കപ്പെട്ടവയോ ആയിരുന്നുവെന്നതാണ് ഈ വർഷത്തെ ചലച്ചിത്രമേളയെ വ്യത്യസ്തമാക്കുന്നത്. മത്സരവിഭാഗത്തിലും അല്ലാതെയും പ്രദർശിപ്പിക്കപ്പെട്ടതിൽ എബൗട്ട് എല്ലി, ജർമൽ, എ സ്റ്റപ്പ് ഇൻറ്റു ദി ഡാർക്ക്നസ്സ്, ട്രൂ നൂൺ, റ്റ്വന്റി, ഷിറിൻ, ബിർഷാൻ സാൽ, ഒറാദ തുടങ്ങിയ സിനിമകൾ മുസ്‌ലിം സാംസ്കാരിക പ്രതിനിധാനം കൊണ്ട് ശ്രദ്ധിക്കപ്പെട്ടവയായിരുന്നു. മാത്രമല്ല റോഡ്ടു സംഗം, സൂഫി പറഞ്ഞ കഥ തുടങ്ങിയ സിനിമകൾ ഇന്ത്യൻ മുസ്‌ലിമിന്റെ സാമു

ദായിക രാഷ്ട്രീയ അവസ്ഥകളെ പ്രശ്നവത്കരിക്കുന്നവയുമായിരുന്നു. 9/11നു ശേഷം ഭീകരവാദത്തിന്റെയും വർഗീയതയുടെയും ആട്ടുതൊട്ടിലാണ് ഇസ്‌ലാമെന്ന് നിരന്തരം ആരോപിക്കപ്പെടുമ്പോഴും, മുസ്‌ലിം അടിത്തറകളിൽനിന്ന് നിർമിക്കപ്പെടുന്ന സിനിമകളെ നമ്മുടെ സാംസ്കാരിക ലോകത്തിന് അവഗണിക്കാനാവുകയില്ല എന്ന് ഇത്തരം സിനിമകളുടെ സജീവമായ ഇടപെടലുകൾ വ്യക്തമാക്കുന്നു.

ഇത്തരം സിനിമകളെല്ലാം ഇസ്‌ലാമിനെയും അതിന്റെ പ്രത്യയശാസ്ത്ര ധാർമിക രാഷ്ട്രീയ സംഹിതകളെയും പൂർണമായും പ്രതിനിധീകരിക്കുന്നു എന്ന് സാമാന്യവൽക്കരിക്കുന്നത് അവിവേകമായിരിക്കും. എങ്കിലും ഒരു മതം എന്ന പരിമിതികൾക്കുപരി ഇസ്‌ലാം സാധ്യമാക്കുന്ന ആവിഷ്ക്കാര ആകാശങ്ങളുടെ സൗന്ദര്യത്തെ ഈ സിനിമകൾ പൂർണമായും ആവാഹിക്കുന്നു എന്ന് ഒട്ടും അതിശയോക്തി കൂടാതെ പറയാനാകും. പർദയിലും ഹിജാബിലുമെല്ലാം മുസ്‌ലിം പെണ്ണിന്റെ വ്യക്തിസ്വാതന്ത്ര്യത്തെ ക്രൂരമായി അടിച്ചമർത്തുന്നു എന്ന് നിരന്തരം ആക്രോശിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ സാംസ്കാരിക ബുദ്ധിജീവികൾക്ക് മുന്നിൽതന്നെയാണ് ഹിജാബിനുള്ളിലിരുന്ന് സുന്ദരമായി ജീവിതത്തെ അടയാളപ്പെടുത്തുന്ന മുസ്‌ലിം ജനതയെ ഇത്തരം സിനിമകളിലൂടെ പ്രദർശിപ്പക്കപ്പെടുന്നത്.

ഇറാഖിലും തുർക്കിയിലുമായി ചിത്രീകരിച്ച 'എ സ്റ്റെപ് ഇൻ ടു ദി ഡാർക്ക്നസ്' (A step in to the darkness) എന്ന തുർക്കി ചിത്രമായിരുന്നു ഈ വർഷത്തെ IFFK യുടെ ഉദ്ഘാടന ചിത്രം. അമേരിക്കൻ അധിനിവേശം കാരണം നിരന്തരം യാതനകൾ അനുഭവിക്കുന്ന ഇറാഖിലെ നിസ്സഹായരായ സാധാരണക്കാരെക്കുറിച്ചുള്ള സിനിമയാണ് തുർക്കി സംവിധായകൻ ആദിൽ ഇനാക്കിന്റെ രണ്ടാമത്തെ ചിത്രമായ 'സ്റ്റപ് ഇൻ ടു ദി ഡാർക്ക്നസ്'. മാരകായുധങ്ങൾ കൈവശം വെച്ചിട്ടുണ്ടെന്നാരോപിച്ച് ഇറാഖിൽ കടന്നുകയറിയ അമേരിക്ക അവിടെ നടപ്പാക്കിക്കൊണ്ടിരിക്കുന്ന 'സമാധാന യുദ്ധം' എന്തൊക്കെയെന്ന് ഈ സിനിമ ചിത്രീകരിക്കുന്നുണ്ട്. കുടുംബവും വീടും ഗ്രാമവുമെല്ലാം തകർന്ന് തരിപ്പണമായ ചിത്രത്തിലെ മുഖ്യ കഥാപാത്രമായ സെന്നറ്റ് എന്ന തുർക്കുമെൻ പെൺകുട്ടി ഭീകരവാദ സംഘങ്ങളുടെ ഉപകരണമായി മാറുകയാണ്. ജീവിതത്തിൽ ഒന്നും നഷ്ടപ്പെടാൻ ബാക്കിയില്ലാത്തവർ അപകടകാരികളായി മാറുന്നത് എങ്ങനെയെന്ന് ഈ ചിത്രം നമ്മെ ഓർമിപ്പിക്കുന്നു. തങ്ങളുടെ നാടിനെയും കുടുംബത്തെയും നശിപ്പിച്ചവരോടുള്ള കടുത്ത പ്രതികാര ബോധത്തിൽനിന്നും ഇത്തരം നാടുകളിൽ ചെറുത്തുനിൽപ്പു സംഘങ്ങൾ രൂപം കൊള്ളുന്നു. ഭീകരവാദ സംഘങ്ങൾ എന്ന് ആരോപിക്കപ്പെടുന്ന ഇത്തരം സംഘങ്ങളെ സൃഷ്ടിക്കുന്നത് അവരെ വഴിയാധാരമാക്കിയ അമേരിക്കയുടെ അധിനിവേശം തന്നെയാണെന്ന് ചൂണ്ടിക്കാണിക്കുകയാണ് ഈ സിനിമ.

മികച്ച സിനിമക്കുള്ള സുവർണ ചകോരം നേടിയ, ഇറാനിയൻ സംവിധായകൻ അസ്ഗർ ഫർഹാദിയുടെ 'എബൗട്ട് എല്ലി' (About Elly) മേളയുടെ കൈയടി നേടിയ മറ്റൊരു ചിത്രമായിരുന്നു. അവധിക്കാലം ചെലവഴിക്കാൻ കാസ്പിയൻ കടൽതീരത്തെത്തുന്ന ഇറാനിലെ ഒരു ഇടത്തരം കുടുംബത്തിൽ നടക്കുന്ന രസകരവും ഉദ്വേഗജനകവും വേദന നിറഞ്ഞതുമായ സംഭവവികാസങ്ങളെ അപാരമായ സ്വാഭാവികതയോടുകൂടി അവതരിപ്പിച്ച 'എബൗട്ട് എല്ലി' മേളയുടെ കണ്ണുനിറച്ച അപൂർവം സിനിമകളിലൊന്നായിരുന്നു. ഇറാനിലെ സാധാരണ കുടുംബങ്ങളുടെ ജീവിതം കേരളീയ പരിസരവുമായി എത്രയേറെ അടുത്തുനിൽക്കുന്നുവെന്ന് ഈ സിനിമ കാണുമ്പോൾ നാം അന്ധിച്ചുപോകും.




കടലിനു നടുവിലെ ജീവിതത്തെ രസകരമായ കഥാസന്ദർഭങ്ങളിലൂടെ അവതരിപ്പിച്ച ഇന്തോനേഷ്യൻ സിനിമയായിരുന്നു രവിഭർവാനിയുടെ ജർമൽ (The Fishing Platform). അമ്മയുടെ മരണശേഷം ജയ എന്ന പന്ത്രണ്ടുകാരൻ അഛൻ ജോഹറിനെ തേടി, ജർമൽ എന്നറിയപ്പെടുന്ന മീൻപിടുത്തത്തിനായി ഉപയോഗിക്കുന്ന കടലിൽ ഉയർത്തിക്കെട്ടിയ വലിയ തട്ടിൽ എത്തുന്നു. ജർമലിലെ മേൽനോട്ടക്കാരനാണ് ജോഹർ. ഒരു കൊലപാതകം ചെയ്ത് ജർമലിൽ ഒളിച്ചു താമസിക്കുന്ന ജോഹർ ജയയെ സ്വീകരിക്കാൻ തയാറാകുന്നില്ല. പക്ഷേ ജർമലിലെ ജോലിക്കാരായ കുട്ടികൾക്കിടയിൽ താരമായി മാറുന്ന ജയയെ സ്വീകരിക്കാൻ ജോഹർ നിർബന്ധിതനാകുന്നു. രാഷ്ട്രാതിർത്തി തർക്കങ്ങളിൽപെട്ട് ജീവിതം ദുസ്സഹമാകുന്ന സാധാരണ പൗരന്മാരെകുറിച്ചുള്ള ഹൃദ്യമായ സിനിമായിരുന്നു, പ്രേക്ഷകപ്രിയ ചിത്രത്തിനുള്ള അവാർഡ് നേടിയ താജ്കിസ്താൻ ചിത്രമായ 'ട്രൂ നൂൺ' (True Noon). സംവിധായകൻ നോസിർ സൈദോവിന്റെ ആദ്യ സിനിമ കൂടിയാണിത്. താജ്കിസ്താനിന്റെയും ഉസ്ബെക്കിസ്താന്റെയും അതിർത്തിയിലുള്ള ജനങ്ങൾ ഐക്യത്തോടുകൂടി ജീവിക്കുന്ന ഒരു ഗ്രാമത്തെ നടുകെ പകുത്തുകൊണ്ട് രാഷ്ട്രാതിർത്തി നിർണയിക്കുന്നതിന്റെ ഭാഗമായി റഷ്യൻ സൈന്യം ഒരു മുൾവേലി നിർമിക്കുന്നതോടെ അവരനുഭവിക്കുന്ന കഷ്ടപ്പാടുകളിലൂടെയും ദുരന്തങ്ങളിലൂടെയും സഞ്ചിരിക്കുകയാണ് 'ട്രൂ നൂൺ'.

വേലിക്കപ്പുറം നിന്ന് അധ്യാപകൻ മറുവശത്തുള്ള വിദ്യാർഥികളെ പഠിപ്പിച്ചും, വേലി മുള്ളുകളിൽ ചരക്കുകൾ തൂക്കിയിട്ട് ഗ്രാമചന്ത നടത്തിയും സൈന്യത്തിന്റെ വിലക്കുകളെ അതിജീവിക്കാനുള്ള ഗ്രാമവാസികളുടെ ശ്രമങ്ങളെ ഹാസ്യാത്മകമായി ഈ സിനിമ ചിത്രീകരിക്കുന്നുണ്ട്.

ഇറാനിയൻ സിനിമകൾക്ക് ആളുകൾ ഓടിക്കൂടുന്നു എന്നത് ഓരോ മേളയിലെയും കൗതുകകരമായ കാഴ്ചയാണ്. എബൗട്ട് എല്ലി, റ്റന്റി, ഷിറിൻ തുടങ്ങിയ സിനിമകൾ പ്രദർശിപ്പിച്ചത് നിറഞ്ഞ സദസ്സിലായിരുന്നു. ഇസ്ലാമിക സംസ്കാരത്തിന്റെ സൗന്ദര്യശാസ്ത്ര ധാർമിക പരിധികൾക്കകത്ത് നിന്നുകൊണ്ട് നിർമിക്കപ്പെടുന്നതുകൊണ്ടാണ് ഇറാനിയൻ സിനിമകൾ ഇത്രയേറെ വ്യത്യസ്തവും ശ്രദ്ധേയവുമാകുന്നത് എന്ന് ഇനിയും വിലയിരുത്തപ്പെടാതെപോകുന്നു.

ഇറാനിയൻ സംവിധായകൻ അബ്ദുൽ റസാ കഹാനിയുടെ 'റ്റന്റി' വളരെ ചുരുങ്ങിയ സാമ്പത്തിക-സാങ്കേതിക സഹായങ്ങൾ ഉപയോഗിച്ച് ജീവഗന്ധിയായ മനോഹര സിനിമകൾ എങ്ങനെ നിർമിക്കാം എന്നതിനുള്ള മികച്ച ഉദാഹരണമാണ്. നമുക്കിടയിൽ ജീവിക്കുന്ന ഓരോ മനുഷ്യനും എത്രയേറെ വ്യത്യസ്തനാണെന്ന്

'റ്വന്റി' പോലെയുള്ള സിനിമകൾ നമ്മെ നിരന്തരം ഓർമപ്പെടുത്തുന്നു. പരിമിത മായ വിഭവങ്ങൾ ഉപയോഗപ്പെടുത്തി മഹത്തായ സിനിമകൾ നിർമിക്കുന്ന ഇറാനി യൻ സംവിധായകരെ, കോടികൾ മുതൽമുടക്കി പാട്ടും കൂത്തും നിറച്ച് കാമ്പും കഴമ്പുമില്ലാത്ത നൂറോളം സിനിമകൾ വർഷംതോറും നിർമിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ സംവിധായകർ കണ്ടു പഠിക്കേണ്ടതാണ്.

കാഴ്ച്ചയെകുറിച്ചുള്ള നമ്മുടെ ധാരണകളെ അട്ടിമറിക്കുന്ന പരീക്ഷണാത്മക സിനിമയായിരുന്നു ഇറാനിയൻ സംവിധായകൻ അബ്ബാസ് കൈറോസ്തമിയുടെ 'ഷിറിൻ'. സിനിമയിൽ കാഴ്ച്ചക്കാരൻ എവിടെനിൽക്കുന്നുവെന്നും ഒരു കലാസൃഷ്ടി എന്ന നിലക്ക് പ്രേക്ഷകൻ പ്രസ്തനാകുന്നതും ഇടപെടുന്നതും എങ്ങനെയെന്നു മുള്ള അടിസ്ഥാനപരമായ ചോദ്യങ്ങളിൽനിന്നുകൊണ്ടാണ് കൈറോസ്തമി 'ഷിറിൻ' അവതരിപ്പിക്കുന്നത്. പന്ത്രണ്ടാം നൂറ്റാണ്ടിലെ പേർഷ്യൻ പ്രണയ പുരാ വൃത്തമായ ഖുസ്രു രാജകുമാരനെയും, തന്നെ അന്വേഷിച്ച് കൊട്ടാരം വിട്ടിറങ്ങിയ ഷിറിനെയും കുറിച്ചുള്ള സിനിമ കാണുന്ന ഏതാനും ഇറാനിയൻ സ്ത്രീകളടെയും ഒരു ഫ്രഞ്ചുകാരിയുടെയും മുഖഭാവങ്ങളും പ്രതികരണങ്ങളും ഒപ്പിയെടുക്കുകയാണ് ഈ സിനിമ. അവർ കാണുന്ന സിനിമയുടെ ശബ്ദ-സംഗീതങ്ങളിൽ നിന്നാണ് നാം പേർഷ്യൻ പ്രണയ കഥയെ മനസ്സിലാക്കുന്നത്.

യുദ്ധം തകർത്തു തരിപ്പണമാക്കിയ ഇറാഖിലെ കുർദിസ്താനിൽ നടക്കുന്ന കഥയെ അതിശയിപ്പിക്കുന്ന ഷോട്ടുകളിലൂടെ അവതരിപ്പിക്കുന്നിടത്താണ് നവാഗത കുർദിഷ് സംവിധായകൻ ഷഹ്റാം അലീദിയുടെ 'വിസ്പർ വിത്ത് ദി വിന്റ്' (Whisper with the WIND) വ്യത്യസ്തമാകുന്നത്. നിരന്തര യുദ്ധവും അധിനിവേശവും ദുർബ ലമാക്കിയ കുർദിസ്താനിലെ പട്ടാളക്കാരുടെയും അക്രമണങ്ങളിൽ അതിജീവിച്ച വരുടെയും സന്ദേശങ്ങൾ ടേപ്പിൽ റെക്കോഡ് ചെയ്ത് വിദൂരദേശങ്ങളിലെ ബന്ധു ക്കൾക്ക് എത്തിക്കുന്ന മാം ബാൽദാറിലൂടെയാണ് സിനിമ സഞ്ചരിക്കുന്നത്. ഒരു സൈനികന് പിറക്കാനിരിക്കുന്ന കുഞ്ഞിന്റെ ആദ്യ കരച്ചിൽ റെക്കോർഡ് ചെയ്തു കേൾപ്പിക്കാൻ ഏൽപിക്കപ്പെടുന്ന ബൽദാർ, ദൂരദേശത്ത് താമസിക്കുന്ന അയാളുടെ ഭാര്യയെ തേടി യാത്രയാവുകയാണ്. യാത്രയിലുടനീളം യുദ്ധം അനാഥമാക്കിയ ഒരു ജനതയുടെ ദയനീയ ദൃശ്യങ്ങൾക്ക് അയാൾ സാക്ഷ്യം വഹിക്കുന്നുണ്ട്. അധി നിവേശത്തിന്റെയും വംശീയ തർക്കങ്ങളുടെയും അസ്വസ്ഥതക്കുമേൽ നിഷ്കളങ്ക നായി ഭൂമിയിലേക്ക് പിറന്നുവീഴുന്നു ഒരു കുഞ്ഞിന്റെ കരച്ചിൽ ഉയർന്ന് കേൾക്കു ന്നിടത്ത് സിനിമ അവസാനിക്കുന്നു.

ആധുനിക സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗിച്ച് ഒരുക്കിയ അപാ രമായ ദൃശ്യ-ശബ്ദ-സംഗീത വിരുന്നായിരുന്നു കസാക്കിസ്താൻ ചിത്രമായ 'ബിർഷാൻ സാൽ' (Birzhan Sal). സ്റ്റെപ്പികളുടെ പാട്ടുകാരൻ എന്നറിയപ്പെടുന്ന പ്രസിദ്ധ കസാഖ് സംഗീതജ്ഞൻ ബിർഷാൻ കൊഷാഗുലോവിന്റെ അവസാനകാ ലത്തെ പ്രണയവും അതിന്റെ പേരിൽ അനുഭവിക്കേണ്ടിവരുന്ന പീഡനങ്ങളും ഇതി വൃത്തമായിവരുന്ന സിനിമ അതിമനോഹരമായ നാടകീയതയോടുകൂടിയാണ് അവ തരിപ്പിക്കുന്നത്. കസാക്കിസ്താന്റെ ദേശീയ സംഗീതത്തിന് അടിത്തറപാകിയ മുസ്‌ലിം സംഗീതജ്ഞനായിരുന്നു ബിർഷാൻ കൊഷാഗുലോവ്. നഷ്ടപ്രണയ ത്തിന്റെ വേദനയും ഒറ്റപ്പെടലിന്റെ ആഴവും തീവ്രമായി ചിത്രീകരിച്ച സിനിമ, പത്തൊ മ്പതാം നൂറ്റാണ്ടിന്റെ അവസാന സന്ധിയിൽ നടക്കുന്ന കഥാ സന്ദർഭത്തിനനുസരി ച്ച് വേഷവിധാനങ്ങളും ജീവിത, ആഘോഷ രീതികളും സജ്ജീകരിക്കാൻ അതി

സൂക്ഷ്മമായി ശ്രദ്ധിച്ചിട്ടുണ്ട്.

പട്ടിണിയും അരക്ഷിതാവസ്ഥയും വരിഞ്ഞ് മുറുക്കിയ ആഫ്രിക്കയിലെ ജനങ്ങൾ എങ്ങനെയാണ് അസാന്മാർഗിക–പരദ്രോഹ വഴികളിലേക്ക് തിരിയുന്നത് എന്ന് അന്വേഷിക്കുകയാണ്, ഫ്രാൻസിൽ ജീവിക്കുന്ന ആഫ്രിക്കൻ സംവിധായകൻ മാമ കെയ്തയുടെ 'ദി ആബ്സൻസ്' (The Absence) എന്ന സിനിമ. പിടിച്ചുപറിയും വേശ്യാവൃത്തിയും ഗുണ്ടാസംഘങ്ങളും അടക്കിവാഴുന്ന സെനഗലിന്റെ തെരുവുകളുടെ കറുത്ത യാഥാർഥ്യങ്ങളിലേക്ക് ഈ സിനിമ ക്യാമറ പിടിക്കുന്നു.

സെക്യുലർ മുസ്‌ലിം, യാഥാസ്ഥിതിക മുസ്‌ലിം തുടങ്ങിയ വേർതിരിവുകളിൽ ഇന്ത്യൻ സിനിമയും മാധ്യമങ്ങളും വിവിധ സമയങ്ങളിൽ ചർച്ചചെയ്ത വിഷയം തന്നെയാണ് അമിത് റായിയുടെ 'റോഡ് ടു സംഗം' എന്ന ഹിന്ദി സിനിമയും കൈകാര്യം ചെയ്യുന്നത്. മുസ്‌ലിം സാമുദായിക ചട്ടക്കൂടുകൾക്കകത്ത് ജീവിക്കുന്ന ഒരാൾക്ക് ദേശത്തോട് സ്നേഹവും കൂറുമുള്ളവനായിരിക്കുക എന്നത് അസാധ്യമാണ് എന്നും, ഇന്ത്യയുടെ മുഖ്യധാരയിൽ നിന്നും അപരവത്കരിക്കപ്പെടുന്ന മുസ്‌ലിമിന് ഒരു സെക്യുലർ വ്യക്തിത്വം സൂക്ഷിക്കാതെ നല്ല പൗരനാകാൻ സാധിക്കുകയില്ല എന്നുമാണ് ഈ സിനിമ സ്ഥാപിക്കുന്നത്. സമാനമായ ആശയതലങ്ങൾതന്നെയാണ് പ്രിയനന്ദന്റെ 'സൂഫി പറഞ്ഞ കഥ'ക്കും പറയാനുള്ളത്. പ്രതാപിയായ നായർ തറവാട്ടിൽനിന്നും പ്രണയിച്ച് മതംമാറ്റി വിവാഹംചെയ്തുകൊണ്ടുവന്ന കച്ചവടക്കാരനായ മാമ്മൂട്ടിയുടെ ഭാര്യ, ഗതകാലം ഓർമിക്കുന്നതിനുവേണ്ടി വീട്ടുമുറ്റത്ത് അമ്പലം പണിയുന്നതോടെ ഉണ്ടാകുന്ന കോലാഹലങ്ങളിലൂടെയാണ് സൂഫി പറഞ്ഞ കഥ സഞ്ചരിക്കുന്നത്. മുസ്‌ലിം പെണ്ണിന് അവളുടെ മതം ഒരു വലിയ തടവറയാണെന്നും അതിനകത്ത്നിന്ന് അവൾക്ക് തന്റെ വ്യക്തിത്വത്തെ അടയാളപ്പെടുത്തുക അസാധ്യമാണെന്നുമുള്ള കേരളത്തിന്റെ യാഥാസ്ഥിതിക മതേതര പൊതുബോധത്തിൽ നിന്നും ഉയർന്നുവന്നതാണ് 'സൂഫി പറഞ്ഞ കഥ'.

ലോക സിനിമകളിൽ കാണുന്ന മുസ്‌ലിമിൽനിന്നും തീർത്തും വ്യത്യസ്തമാണ് ഇന്ത്യൻ സിനിമകളിലെ മുസ്‌ലിമിന്റെ അവസ്ഥ. ഇവിടെ മുസ്‌ലിംകൾ അവരുടേതായ ഒരു സിനിമാ സംസ്കാരം രൂപപ്പെടുത്തിയിട്ടില്ല എന്നുമാത്രമല്ല, ഇന്ത്യൻ സിനിമകളിൽ മുസ്‌ലിമിനെയും ഇസ്‌ലാമിനെയും കുറിച്ചുള്ള തെറ്റിദ്ധാരണകൾ നിരന്തരം ചിത്രീകരിക്കപ്പെടുകയും ആഘോഷിക്കപ്പെടുകയും ചെയ്യുന്നു. 'എബൗട്ട് എല്ലി' യിൽ നിന്നും 'സൂഫി പറഞ്ഞ കഥ' യിലെത്തുമ്പോൾ നമുക്ക് ബോധ്യമാകുന്നത് അതാണ്. ■